പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2214 **27-10-2026-ൽ മറുപടിയ്ക്ക്**

ഓപ്പറേഷൻ ക്ലീൻ - ദ നാർക്കോട്ടിക് ഹണ്ട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഓപ്പറേഷൻ ക്ലീൻ-ദ നാർക്കോട്ടിക് ഹണ്ട് എന്ന സമാനതകളില്ലാത്ത ലഹരി വിരുദ്ധ പോരാട്ടത്തിന്റെ ഒന്നാം ഘട്ടത്തിൽ പ്രധാനമായും കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിവരിക്കാമോ;

മറുപടി: സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി കേരളാ പോലീസ് നടപ്പിലാക്കിയ ഓപ്പറേഷൻ ക്ലീൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 19.10.2026 തീയതി വരെ 13433 കേസുകളിലായി 14486 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

വിവിധ കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തികളിൽ നിന്ന് 27.298 കിലോ ഗ്രാം എം.ഡി.എം.എ, 1796.568 കിലോ ഗ്രാം കഞ്ചാവ്, 7240.252 ഗ്രാം ഹാഷിഷ് ഓയിൽ, 5.85 ഗ്രാം ഹാഷിഷ്, 777.159 ഗ്രാം ബ്രൗൺ ഷുഗർ, 1225.678 ഗ്രാം മെത്തഫെറ്റമിൽ, 664.846 ഗ്രാം ഹെറോയിൻ, 0.852 ഗ്രാം എൽ.എസ്ഡി സ്റ്റാമ്പ്, 73 ഗ്രാം നൈട്രോസൈഫാം, 25.23 ഗ്രാം ഒപ്പിയം, 444.460 ഗ്രാം ചരസ്സ്, 3.650 ഗ്രാം കഞ്ചാവ് ഓയിൽ, 27.634 ഗ്രാം കൊക്കെയിൻ, 10337 കഞ്ചാവ് ചെടികൾ, 8128 കഞ്ചാവ് ബീഡി എന്നിവ പിടിച്ചെടുക്കുകയുണ്ടായി.

ഓപ്പറേഷൻ ക്ലീന്റെ ഭാഗമായി 178 Commercial Quantity കേസുകളും, 596 Intermediate Quantity കേസുകളും, 4358 Small Quantityകേസുകളും, ലഹരി ഉപയോഗിച്ചതിന് 8301 കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ലഹരി ഉപയോഗത്തിലൂടെ ഗുണ്ടാ-അക്രമ പ്രവർത്തനങ്ങളിലും വിവിധ ക്രിമിനൽ കേസുകളിലും ഉൾപ്പെട്ട 89 പേർക്കെതിരെ KAA(P)A പ്രകാരവും 26 പേർക്കെതിരെ PITNDPS പ്രകാരവും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരിക്കേസുകളിൽ ഉൾപ്പെട്ട് വിദേശത്തേക്ക് കടന്ന 4 പേർക്കെതിരെ Red Corner Notice, 2 പേർക്കെതിരെ Blue Corner Notice, 10 പേർക്കെതിരെ Look Out Notice എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്.

ലഹരി വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി അറിയിക്കുന്നതിനായി 9497979794, 9497927797 എന്നീ നമ്പറുകളിൽ വിളിക്കാനും 9995966666 എന്ന നമ്പറിലേക്ക് Whatsapp സന്ദേശം അയയ്ക്കാനും സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതുവഴി ലഭിച്ച 8,012 ഫോൺകോളുകളിലും 5,331 Whatsapp സന്ദേശങ്ങളിലും അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. വിവരദാതാക്കളുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിനുള്ള നടപടികളും ഉറപ്പാക്കിയിട്ടുണ്ട്. ഓപ്പറേഷൻ ക്ലീന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 19,513 ബോധവത്കരണ ക്ലാസുകളും 1,037 കൗൺസിലിംഗ് സെഷനുകളും സംഘടിപ്പിക്കുകയും 70 പേരെ പുനരധിവാസ

കേന്ദ്രങ്ങളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സ്കൂൾ-കോളേജ് തലങ്ങളിൽ 4,716 പരിപാടികളും SPG/CPG മുഖേന 3,190 പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ലഹരിക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സയിലൂടെയും പുനരധിവാസത്തിലൂടെയും സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) ഓപ്പറേഷൻ ഡ്രഫാൻ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ പ്രധാനമായും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇനി നടത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ ആവശ്യവും വ്യാപനവും ഉപയോഗവും തടയുന്നതിനായി പോലീസിന്റെ നിയമനിർവഹണ സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയ പങ്കാളിത്തവും ഏകോപിപ്പിച്ച് വാർഡുതലം മുതൽ വീടുകൾ വരെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയാണ് 'ഓപ്പറേഷൻ ഡ്രഫാൻ 2.0' പദ്ധതിയുടെ ലക്ഷ്യം. ശിക്ഷാനടപടികൾക്കൊപ്പം ലഹരി ഉപയോഗത്തിലേക്ക് വഴുതിവീഴാൻ സാധ്യതയുള്ളവരെയും ഇതിനകം ഉപയോഗത്തിൽപ്പെട്ടവരെയും മുൻകൂട്ടി കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ്, ചികിത്സ, പുനരധിവാസം എന്നിവ ഉറപ്പാക്കുകയും ലഹരി വ്യാപനത്തിനെതിരെ ശക്തമായ സാമൂഹിക പ്രതിരോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

<u>പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്:-</u>

* ലഹരിയുടെ ആവശ്യം കുറയ്ക്കൽ (Demand Reduction): ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക.

* വാർഡുതല ജാഗ്രതാ സംവിധാനം (Ward Level Vigilance): വാർഡുതല ജനജാഗ്രതാ സമിതികളും പ്രത്യേക ഡ്രഫാൻ ഗ്രാമസഭകളും രൂപീകരിച്ച് ജനപങ്കാളിത്തം ഉറപ്പാക്കുക.

* കുടുംബശ്രീ-അയൽക്കൂട്ട ശൃംഖല: കുടുംബശ്രീയുടെയും അയൽക്കൂട്ടങ്ങളുടെയും പങ്കാളിത്തത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വീടുകളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കുക.

* രഹസ്യ വിവരശേഖരണം (Intelligence Crowdsourcing): സുരക്ഷിതവും രഹസ്യസ്വഭാവം ഉറപ്പാക്കുന്നതുമായ സംവിധാനങ്ങളിലൂടെ ലഹരി വ്യാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും കൈമാറുകയും ചെയ്യുക.

* സമഗ്ര പുനരധിവാസം (Holistic Rehabilitation): ലഹരി ഉപയോഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും പുനരധിവാസവും ഉറപ്പാക്കുന്നതിനായി ജില്ലാ ഡ്രഫാൻ കെയർ കമ്മിറ്റികൾ രൂപീകരിക്കുകയും തുടർപരിചരണത്തിനായി ഡ്രഫാൻ ആഫ്റ്റർ കെയർ ഹോമുകൾ സ്ഥാപിക്കുകയും ചെയ്യുക.

* യുവജന-വിദ്യാർഥി പങ്കാളിത്തം (Youth and Campus Mobilization) വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമായി സുരക്ഷാ വലയം ശക്തിപ്പെടുത്തുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.

സെക്ഷൻ ഓഫീസർ